പിന്നാക്കസമുദായോന്നമന പ്രവത്തനങ്ങൾക്കുവേണ്ടി ബഡ്ജറ്റുതുക.

180. [9] ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായോന്നമന പ്രവത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എത്രയെത്ര രൂപവീതം ചെലവുചെയ്തു;

(സി) ഏതെങ്കിലും സംഖ്യ ലാപ്സാകാനിടയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സംഖ്യ എന്തായിരിക്കും? (എത്ര)

ഉത്തരം.

(എ) പിന്നാക്കസമുദായോന്നമന പ്രവത്തനങ്ങൾക്കുവേണ്ടി 1954-55-ൽ 18,26,900 രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും ചെലവുചെയ്തു കഴിഞ്ഞിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംഖ്യ ഒട്ടും ലാപ്സാകാനിടയില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

സഹകരണസംഘത്തിനു സഹായധനം.

181. [11] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954-55 വർഷത്തിൽ സംസ്ഥാനത്തെ എത്ര സഹകരണസംഘത്തിനു സഹായധനം നൽകിയിട്ടുണ്ട്;

(ബി) എത്ര രൂപാവീതം;

(സി) തിരുവല്ലാ താലൂക്കിൽ എത്തെല്ലാം സഹകരണസംഘങ്ങൾക്ക് ഗ്രാൻറ് നൽകിയിട്ടുണ്ട്?

ഉത്തരം.

(എ) 1954-55 വർഷത്തിൽ സംസ്ഥാനത്തുള്ള 26 പാൽവിതരണ സഹകരണസംഘങ്ങൾക്കും 72 കൈത്തറി നെയ്ത്തുസഹകരണസംഘങ്ങൾക്കും സഹായധനം നൽകി.

(ബി) † ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) തിരുവല്ലാ താലൂക്കിലുള്ള ഇരവപേരൂർ കോഓപ്പറേറ്റീവ് ഡെയറി ആൻഡ് ഇൻഡസ്ട്രിയൽ സൊസൈറ്റിക്കു ഗ്രാൻറ് നൽകിയിട്ടുണ്ട്.

† Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly